## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 113** **26.09.2016-ൽ മറുപടിയ്ക്ക്**

<u>പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്തെ അനധികൃത നിർമ്മിതികൾ ക്ഷേത്രത്തിന്റെയും അതിലെ സ്വത്തുവകകളുടെയും സുരക്ഷയ്ക്ക് ഗുരുതരഭീഷണി ഉയർത്തുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ: | (എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്തെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ആയവ നിർത്തിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ അധികാരിക്കും മുഖ്യ നഗര ആസൂത്രകനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപം സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളിലേയും അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) ആഗസ്റ്റ് മാസത്തിൽ ക്ഷേത്ര പരിസരത്തെ കച്ചവട സ്ഥാപനത്തിലുണ്ടായ തീപിടിത്തവും, അത് നിയന്ത്രിക്കാൻ അഗ്നി സുരക്ഷാ വകുപ്പ് അനുഭവിക്കേണ്ടിവന്ന പ്രതിസന്ധികളും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; തീപിടിത്തത്തിൽ വന്ന നഷ്ടം എത്രയാണ്; | (ബി) ഉണ്ട്. അഗ്നി സുരക്ഷാ വകുപ്പ് കണക്കാക്കിയ ഏകദേശ നഷ്ടം 2 കോടി 30 ലക്ഷം രൂപയോളമാണ്. |
| (സി) ക്ഷേത്രത്തിന്റെ പരിസരത്തും സമീപപ്രദേശങ്ങളിലുമുള്ള അനധികൃത നിർമ്മിതികൾ കണ്ടെത്താൻ നഗരാസൂത്രണ വകുപ്പിലെ ഒരു സംഘത്തെക്കൊണ്ടു പരിശോധന നടത്താനും, കച്ചവട സ്ഥാപനങ്ങളും, ഗോഡൗണുകളും നൂറുമീറ്റർ പരിധിയിൽ നിന്നും മാറ്റാനും നടപടി സ്വീകരിക്കുമോ? | (സി) നിർദ്ദേശം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**